# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/529/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/529/2022 തീയ്യതി: 27/05/2022

## തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 02-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 02-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആതിര.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിലാസിനി.കെ | പ്രസിഡന്റ് | 01-04-2020 | 16-11-2020 |
| ശ്രീമതി ഷീല.എസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. സ്റ്റാർലി.ഒ.എസ്. | സെക്രട്ടറി | 01-04-2020 | 18-02-2021 |
| ശ്രീമതി ഷീല.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി മുരുകൻ | കൃഷി ഓഫീസർ | 01-04-2020 | 18-05-2020 |
| ശ്രീ. രാഹുൽ.എസ്.എം | കൃഷി ഓഫീസർ | 19-05-2020 | 31-03-2021 |
| ഡോ. സോഫിയ.എ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ഭാഗ്യലക്ഷ്മി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. വിനീത പുഷ്കരൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ഗീത.എൽ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2020 | 31-05-2020 |
| ഡോ. പി.ആർ.സജി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-06-2020 | 29-01-2021 |
| ഡോ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 30-01-2021 | 31-03-2021 |
| ശ്രീമതി സുജ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 29-09-2020 |
| ശ്രീമതി ആശാരാജ്.വി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30-09-2020 | 31-03-2021 |
| ശ്രീമതി ഇന്ദു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. അരുൺ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 24-08-2020 |
| ശ്രീമതി ബിന്ദു.ജെ.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-08-2020 | 31-03-2021 |
| ശ്രീ. സജികുമാർ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബീന.പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ബിനു.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 17-02-2021 |

| | | | |
|---|---|---|---|
| ശ്രീ. ബോബി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-02-2021 | 31-03-2021 |
| ശ്രീമതി സ്മിത | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 05-11-2020 |
| ശ്രീമതി അഞ്ജലിദേവി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 06-11-2020 | 31-03-2021 |

17.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി ഭരണം

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-05-2022) | 1-3 |
| 4 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 02-04-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-4 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-05-2022) | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-05-2022) | 1-5-1 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കായിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-05-2022) | 1-5-2 |
| 9 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിരിക്കുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-5-3 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Sabu G (Audit Officer, On 04-04-2022) | 1-6 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 03-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-7 |
| 12 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-9 |
| 14 | രസീത് ബുക്കുകളുടെ പരിപാലനത്തിൽ അപാകതകൾ<br>Written By: Athira C (Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 1-10 |
| 15 | പഞ്ചായത്ത് സ്റ്റാളുകളിലെ വാടക, മാർക്കറ്റ് ഗേറ്റ് ഫീ എന്നിവയിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Athira C (Auditor, On 03-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 1-11 |

| | | |
|---|---|---|
| 16 | വസ്തു നികുതി പിരിവിൽ അപാകതകൾ<br>Written By: Athira C (Auditor, On 03-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 1-12 |
| 17 | FTEAOS ലൈസൻസ്- അപാകതകൾ<br>Written By: Athira C (Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 1-13 |
| 18 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Athira C (Auditor, On 02-04-2022)<br>Last Updated By: Sabu G (Audit Officer, On 04-04-2022) | 1-14 |
| 19 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത<br>Written By: Athira C (Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-05-2022) | 1-15 |
| 20 | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-16 |
| 21 | കുഴൽ കിണർ നിർമ്മാണം - 2884/- രൂപ ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-17 |
| 22 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-18 |
| 23 | പ്രവർത്തനം ആരംഭിക്കാൻ 'വഴി'യില്ലാതെ ആയുർവേദ ഐ.പി.ബ്ലോക്ക്<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 1-19 |
| 24 | ലോഗ്ബുക്ക് ഹാജരാക്കിയില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 1-20 |
| 25 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ട് നടപ്പാക്കിയില്ല<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 1-21 |
| 26 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-22 |
| 27 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 1-23 |
| 28 | തെരുവു വിളക്കുകളുടെ മെയിന്റനൻസ് പദ്ധതി കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 03-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-24 |
| 29 | കമ്പ്യൂട്ടർ എ എം സി പുതുക്കൽ - കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കണം.<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 1-25 |
| 30 | പ്രീപ്രൈമറി അദ്ധ്യാപകരുടെ ഹോണറേറിയം പദ്ധതി - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാക്കണം<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 1-26 |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം<br>Written By: Praveen N.G (Asst. Audit Officer, On 02-04-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Reni L.S. (Computer Assistant, On 11-05-2022) | |
| 32 | അങ്കണവാടിയിലേക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകത<br>Written By: Athira C (Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 1-28 |
| 33 | വൃദ്ധർക്ക് കട്ടിൽ- ഭൂരിഭാഗം പേർക്കും ആനുകൂല്യം ലഭിച്ചില്ല.<br>Written By: Sabu G (Audit Officer, On 04-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Sabu G (Audit Officer, On 02-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Sabu G (Audit Officer, On 02-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 03-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 02-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-05-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.20 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 3094677/- രൂപയും, പ്രതീക്ഷിത വരുമാനം 332726500/-രൂപയും ചേർത്ത് ആകെ വരവ് 335821177/-രൂപയും ആകെ ചെലവ് 334636805/-രൂപയും നീക്കിബാക്കി 1184372/- രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020--21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 22.02.2021 ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.ആകെ വരവ് 302062073/- രൂപയും ചെലവ് 299929919/-രൂപയും 2132154/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്.[ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തി വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച വിലയിരുത്തൽ മാസംതോറും നിരീക്ഷിക്കുന്നത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) , പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക നിയന്ത്രണത്തിന്റെ നെടുംതൂണുകളിൽ ഒന്നായ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 19.05.2021 |

വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ.

1. തൻവർഷത്തെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. മുൻവർഷത്തെ അതേ തുകയാണ് തൻവർഷ ബാലൻസ്ഷീറ്റിലും ഡിപ്രീസിയേഷന് ആയി ചേർത്തിട്ടുള്ളത്.

2.ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Total Cash Generated (A+B+C) തുകയും (582190), Net Increase/decrease In Cash And Cash Equivalents തുകയും (1725741) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. Development Fund General ചെലവ് ACR പ്രകാരം 12084196/-രൂപയും AFS പ്രകാരം 12209196/- രൂപയും സുലേഖ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 13831094/- രൂപയുമാണ്.

5. Development Fund SCP ചെലവ് ACR പ്രകാരം 7541268/-രൂപയും AFS പ്രകാരം 7741268/- രൂപയും സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 7991787/- രൂപയുമാണ്.

6.ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ് എസ് സി പി (പ്രോദക്ട് നം 306) ൽ Sourse Deduction ആയി 139274/- രൂപ കുറവ് ചെ.യ്തിട്ടുണ്ട്.എന്നാൽ സുലേഖ പ്രകാരം പ്രസ്തുത പ്രോജക്ടിന് 380549/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

7.2019-20 ബാലൻസ് ഷീറ്റിൽ ഡെപ്പോസിറ്റ് 487999/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. തൻവർഷം ഡെപ്പോസിറ്റ് ഇനത്തിൽ 134804/- രൂപ വരവും 44910/- രൂപ ചെലവും ഉണ്ട്. അപ്രകാരം കണക്കാക്കുമ്പോൾ 577893/- രൂപയാണ് ബാലൻസ്ഷീറ്റിൽ ഡെപ്പോസിറ്റായി അവശേഷിക്കേണ്ടത്. എന്നാൽ 20-21 ബാലൻസ്ഷീറ്റിൽ ഡെപ്പോസിറ്റായി 352201/-രൂപയാണ് അവശേഷിക്കുന്നത്.

8.Capital Work In Progress ആയി വാർഷിക ധനകാര്യപത്രികയിൽ ബാലൻസ്ഷീറ്റിൽ 0 രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം 1907237/- രൂപ പാർട്ട്ബിൽ നല്കിയിട്ടുണ്ട്.

9. RP40-B പ്രകാരം Postoffice Kadakkavoor എന്ന അക്കൌണ്ടിൽ 2617/- രൂ ബാലൻസ് ഉണ്ട്. പ്രസ്തുത അക്കൌണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, പാസ്ബുക്ക് ഇവ ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 16, 25.3.22) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

1.ബാലൻസ് ഷീറ്റിൽ ഫണ്ട് നെഗറ്റീവ് ആകുമെന്നതിനാൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2&3. സോഫ്റ്റ്വെയറിലുള്ള സാങ്കേതിക പിഴവ് പരിഹരിക്കാത്തതാണ് അപാകതയ്ക്ക് കാരണം എന്ന് വ്യകതമാക്കി.

4.വികസനഫണ്ട് ജനറൽ ACR പ്രകാരമുള്ള ആകെ ചെലവ് 12084196/-ആണ്. എന്നാൽ ഇതിനോടൊപ്പം സോഴ്സ് ഡിഡക്ഷൻ 1899898 രൂപയും കൂടി കൂട്ടി 13984094/- രൂപയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആകെ ചെലവ് വരേണ്ടത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 13831094/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. സെക്രട്ടറി നിർവ്വഹണം നടത്തിയ( 219/20) പദ്ധതി ചെലവ് 60000/- രൂപയും വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ (179/20) പദ്ധതി ചെലവ് 93000/- രൂപയും സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 153000/-രൂപയുടെ ചെലവ് വ്യത്യാസം നിലനില്ക്കുന്നു. കൂടാതെ വികസനഫണ്ട് ജനറൽ ACR പ്രകാരമുള്ള തുക 12084196 രൂപയും AFS പ്രകാരമുള്ള തുക 12209196/- രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 125000/- രൂപ E- Bill Voucher ൽ അധികമായി ജനറേറ്റ് ചെയ്ത തുകയാണെന്ന് അറിയിച്ചു.

5.&6. വികസനഫണ്ട് എസ് സി പി ACR പ്രകാരമുള്ള ആകെ ചെലവ് 7541268/-ആണ്. സുലേഖ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ,പ്രകാരമുള്ള ആകെ ചെലവ് 7991787/- രൂപയാണ്.ഇതിൽ ACR ൽ വന്നിട്ടുള്ള 69305/- രൂപയുടെ ചെലവ് സുലേഖയിൽ അക്കൌണ്ട് ചെയ്തിട്ടില്ല. കൂടാതെ Sourcededuction ആയി 278549/- രൂപയ്ക്കു പകരം 519824/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.സുലേഖ , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വരേണ്ട ആകെ ചെലവ് 7541268+ 278549=7819817രൂപയാണ്.സുലേഖ , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവ് 7541268-69305+519824=7991787 രൂപയാണ്. കൂടാതെ വികസനഫണ്ട് SCP, ACR പ്രകാരമുള്ള തുക 7541268 രൂപയും AFS പ്രകാരമുള്ള തുക 7741268/- രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 200000/- രൂപ E- Bill Voucher ൽ അധികമായി ജനറേറ്റ് ചെയ്ത തുകയാണെന്ന് അറിയിച്ചു.

7. Auction Deposit മാർക്കറ്റ് കളക്ഷനിൽ വകയിരുത്തിയാണ് വ്യത്യാസത്തിന് കാരണം എന്ന് അറിയിച്ചു.

8. പദ്ധതി Spill Over ആകുമെന്ന് അറിയാത്തതിനാലാണ് തുകയിൽ വ്യത്യാസം എന്ന് അറിയിച്ചു.

9. Post Office Account Statement ലഭ്യമല്ല എന്ന് അറിയിച്ചു.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബഡ്ജറ്റ് പ്രകാരമുള്ള തുക | പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക | എ.എഫ്.എസ്. പ്രകാരം വരവ് | മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് | ചെലവ് | Source Deduction, 19- 20 Queue Bill ഉൾപ്പെടെ ആകെ ചെലവ് | 20-21 വർഷത്തെ Queue Bill | നീക്കിയിരിപ്പ്, ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 13985000 | 12085102 | 12209196 | 12209196 | 12209196 | 13831094 | 1212826 | |
| വികസനഫണ്ട് SCP | 0 | 10155000 | 9876451 | 7741268 | 7741268 | 7741268 | 7991787 | 874613 | |
| മെയിന്റനൻസ്ഫണ്ട്-നോൺറോഡ് | 0 | 4432000 | 4387173 | 4387173 | 4387173 | 4387173 | 4387173 | 282438 | |
| മെയിന്റനൻസ്ഫണ്ട്-റോഡ് | 0 | 25436000 | 25436000 | 25267728 | 25267728 | 25267728 | 25267728 | 1542967 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ റ്റൈഡ് ഗ്രാന്റ് (അടിസ്ഥാന ഗ്രാന്റ്) | 0 | 6130000 | 6130000 | 500000 | 500000 | 500000 | 500000 | - | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺറ്റൈഡ് ഗ്രാന്റ് | 0 | 6130000 | 15213591 | 6377677 | 6377677 | 6377677 | 6377677 | 765421 | |
| അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | 1387719 | - | | 933453 | 2321172 | 2321010 | | | 162 |

1. വികസനഫണ്ട് ജനറൽ ACR പ്രകാരമുള്ള ആകെ ചെലവ് 12084196/-ആണ്. എന്നാൽ ഇതിനോടൊപ്പം സോഴ്സ് ഡിഡക്ഷൻ 1899898 രൂപയും കൂടി കൂട്ടി 13984094/- രൂപയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആകെ ചെലവ് വരേണ്ടത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 1,38,31,094/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. സെക്രട്ടറി നിർവ്വഹണം നടത്തിയ (219/20) പദ്ധതി ചെലവ് 60,000/- രൂപയും വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ (179/20) പദ്ധതി ചെലവ് 93,000/- രൂപയും സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 1,53,000/-രൂപയുടെ ചെലവ് വ്യത്യാസം നിലനില്ക്കുന്നു.

2. വികസനഫണ്ട് എസ് സി പി ACR പ്രകാരമുള്ള ആകെ ചെലവ് 75,41,268/-ആണ്. സുലേഖ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ആകെ ചെലവ് 7991787/- രൂപയാണ്.ഇതിൽ ACR ൽ വന്നിട്ടുള്ള 69305/- രൂപയുടെ ചെലവ് സുലേഖയിൽ അക്കൌണ്ട് ചെയ്തിട്ടില്ല. കൂടാതെ Sourcededuction ആയി 278549/- രൂപക്കു പകരം 519824/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വരേണ്ട ആകെ ചെലവ് 7541268+ 278549=7819817/-രൂപയാണ്. സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവ് 7541268-69305+519824=7991787/- രൂപയാണ്.

3.വികസനഫണ്ട് ജനറൽ ACR പ്രകാരമുള്ള തുക 12084196/- രൂപയും AFS പ്രകാരമുള്ള തുക 12209196/- രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 125000/- രൂപ E- Bill Voucher ൽ അധികമായി ജനറേറ്റ് ചെയ്ത തുകയാണെന്ന് അറിയിച്ചു.

4. വികസനഫണ്ട് SCP, ACR പ്രകാരമുള്ള തുക 7541268/- രൂപയും AFS പ്രകാരമുള്ള തുക 7741268/- രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 200000/- രൂപ E- Bill Voucher ൽ അധികമായി ജനറേറ്റ് ചെയ്ത തുകയാണെന്ന് അറിയിച്ചു.

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| വിഭാഗം | | പൊതുവിഭാഗം ജനറൽ | ചെലവ് ശതമാനം | എസ് സി പി | ചെലവ് ശതമാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 4380678 | | 0 | | 0 | | 0 | | 0 | |
| | ചെലവ് | 3795467 | 88.64% | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 13071142 | | 0 | | 4852975 | | | | 4550364 | |
| | ചെലവ് | 10035627 | 76.77% | 0 | 0 | 2533446 | 52.2% | | | 3637517 | 80.57% |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 505000 | | 0 | | 5175150 | | 31203167 | | 932438 | |
| | ചെലവ് | 0 | 0% | 0 | 0 | 4344231 | 83.94% | 25143018 | 80.57% | 749656 | 80.39% |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 294000 | | | | 0 | | 0 | |
| | ചെലവ് | 0 | | 197500 | 67.17% | 0 | 0 | 0 | | 0 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 9573450 | | 0 | | 0 | | | |
| | ചെലവ് | 0 | | 6187170 | 64.62% | 0 | 0 | 0 | | 0 | |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 0 | | 1753835 | | | | 124710 | | 0 | |
| | ചെലവ് | 0 | | 1607117 | 91.63% | 0 | 0% | 124710 | 100% | 0 | |

പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ വികസനഫണ്ട് ചെലവൊന്നും നടത്തിയിട്ടില്ല. പൊതുവിഭാഗം സേവന മേഖലയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 52.2% മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്.

ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2019-20 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും .

| ക്രമ നം | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പഞ്ചായത്ത് വകയിരുത്തിയ തുക | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 13985000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുക | 11188000 | 17956820 | 13831094 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ്) | 77.02% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 13985000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10% | 3356400 | 4380678 | 3795467 | 86.64% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം ,ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 14076000ന്റെ 15% | - | 350000 | 300000 | 85.71% |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ്,സി പി തുകകളുടെ 20%(24140000x20%) | 4828000 | 12689048 | 10102048 | 79 % |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (13985000x 20%) | 2797000 | 5743098 | 5156098 | 89.77% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി | 2134300 | 3160058 | 2618007 | 82.84% |

| | | | | | | |
|---|---|---|---|---|---|---|
| | | പി തുകയുടേയും 10% (23030800x 10%) | | | | |
| 7 | കട്ടികൾ ഭിന്നശേഷിയുള്ളവർ,ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (21343000x 5%) | 1067150 | 1268000 | 554228 | 43.7% |
| 8. | വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (21343000x 5%) | 1067150 | 1212980 | 671078 | 55.32% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം-പശ്ചാത്തലം | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുക 11188000ന്റെ 30% | 3356400 (വകയിരുത്താവുന്ന കൂടിയ തുക) | 505000 | 0 | 0% |
| 10 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (10155000x30%) | 3046500 (വകയിരുത്താവുന്ന കൂടിയ തുക) | 1753835 | 1607117 | 91.63% |
| 11 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ .

| ക്രമ നം | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കണവാടി പോഷകാഹാര വിതരണം | 1324150 | 1342150 | 100% |
| 2 | എസ് എസ് എ | 750000 | 750000 | 100% |
| 3 | പാലിയേറ്റീവ് കെയർ | 400000 | 355378 | 88.84% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 587750 | 545500 | 92.81% |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 0 | 0 | 0 |
| 6. | ആശ്രയ പ്രോജക്ട് | 350000 | 55000 | 15.71% |
| 7 | ഐ കെ എം വിഹിതം | 90560 | 90478 | 99.97% |

## 1-4 പദ്ധതി അവലോകനം

2020-21 ൽ കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 202 | 110535148 | 161 | 64385049 | 01 | 40 | 79.70% |

2020-21ൽ പദ്ധതി അടങ്കൽ തുക വകയിരുത്തിയതിന്റെ 58.25% മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഒരു പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും നടപ്പാക്കിയില്ല.

പ്രോജക്ടുകൾ സമയബന്ധിതമായും ജനോപകാരപ്രദമായും നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 153360 | 199 |
| കർഷകതൊഴിലാളി പെൻഷൻ | 1203400 | 480 |
| വിധവ പെൻഷൻ | 17058900 | 6250 |
| വാർദ്ധക്യകാലപെൻഷൻ | 39539800 | 15342 |
| വികലാംഗപെൻഷൻ | 5440000 | 2104 |
| വിവാഹധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 837700 | 327 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന നടത്തിയ പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സദാനന്ദൻ | 102460200678 | വാർദ്ധക്യകാലം | 10.4.20 | ആക്ടീവ് | 05/20മുതൽ 2/22 വരെ600x22=13200 | 13200 |
| 2 | ശ്രീധരൻ | 102460203214 | വാർദ്ധക്യകാലം | 23.3.20 | ആക്ടീവ് | 04/20മുതൽ 03/2 വരെ 1500x12=18000 04/21മുതൽ02/22വരെ 1600x11=17600 | 35600 |
| 3 | ഇന്ദിരയമ്മ | 102460201844 | വാർദ്ധക്യകാലം (75+) | 2.3.20 | സസ്പെൻഡ് | 04/20മുതൽ02/21വരെ 1500x11=16500 | 16500 |
| 4 | അബ്ദുൾസലാം | 102460201178 | വാർദ്ധക്യകാലം | 6.3.20 | ആക്ടീവ് | 04/20മുതൽ03/21 വരെ 1500x12=18000 04/21മുതൽ02/22വരെ 1600x11=17600 | 35600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഷിഹാബുദ്ദീൻ | 102460201607 | വാർദ്ധക്യകാലം | 3.2.20 | ആക്ടീവ് | 03/20-1200<br>04/20മുതൽ08/20വരെ<br>1300x5=6500<br>09/20മുതൽ12/20വരെ<br>1400x4=5600<br>01/21മുതൽ 03/21 വരെ<br>1500x3=4500<br>04/21മുതൽ02/22വരെ<br>1600x11=17600 | 35400 |
| 6 | സുകുമാരൻ | 102460202685 | വാർദ്ധക്യകാലം | 20.3.20 | ആക്ടീവ് | 04/20-1300<br>05/20മുതൽ08/20വരെ<br>1300x4=5200<br>09/20മുതൽ12/20വരെ<br>1400x4=5600<br>01/21മുതൽ 03/21 വരെ<br>1500x3=4500<br>04/21മുതൽ02/22വരെ<br>1600x11=17600 | 34200 |
| 7 | ജയരാജൻ | 102460201813 | വാർദ്ധക്യകാലം | 19.4.20 | ആക്ടീവ് | 05/20മുതൽ03/21 വരെ<br>1500x11=16500<br>04/21മുതൽ02/22വരെ<br>1600x11=17600 | 34100 |
| 8 | രാമദേവൻ | 102460202688 | വാർദ്ധക്യകാലം | 8.5.20 | ആക്ടീവ് | 06/20മുതൽ08/20വരെ<br>1300x3=3900<br>09/20മുതൽ12/20വരെ<br>1400x4=5600<br>01/21മുതൽ 03/21 വരെ<br>1500x3=4500<br>04/21മുതൽ02/22വരെ<br>1600x11=17600 | 31600 |
| 9 | യശോദ | 102460100253 | കർഷകതൊഴിലാളി | 3.3.20 | ആക്ടീവ് | 04/20മുതൽ08/20വരെ<br>1300x5=6500<br>09/20മുതൽ12/20വരെ<br>1400x4=5600<br>01/21മുതൽ 03/21 വരെ<br>1500x3=4500<br>04/21മുതൽ02/22വരെ<br>1600x11=17600 | 34200 |
| 10 | കൌസല്യ | 102460201206 | വാർദ്ധക്യകാലം | 2.6.20 | ആക്ടീവ് | 07/20മുതൽ02/22വരെ<br>600x20=12000 | 12000 |
| 11 | ഗോപി | 102460201218 | വാർദ്ധക്യകാലം | 18.5.20 | സസ്പെൻഡ് | 06/20മുതൽ 03/21വരെ<br>1500x10=15000<br>04/21മുതൽ02/22വരെ<br>1600x11=17600 | 32600 |
| 12 | സുകുമാരിയമ്മ | 102460200957 | വാർദ്ധക്യകാലം | 2.6.20 | സസ്പെൻഡ് | 07/20മുതൽ09/20വരെ<br>1500x3=4500 | 4500 |
| 13 | ചെല്ലമ്മ | 102460200772 | വാർദ്ധക്യകാലം | 2.3.20 | ആക്ടീവ് | 04/20മുതൽ02/22വരെ<br>600x23=13800 | 13800 |
| 14 | സുകുമാരൻ | 102460201505 | വാർദ്ധക്യകാലം | 17.8.20 | ആക്ടീവ് | 09/20മുതൽ 3/21വരെ<br>1500x7=10500<br>4/21മുതൽ 2/22വരെ<br>1600x11-17600 | 28100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | അബ്ദുൾഅസീസ് | 102460202397 | വാർദ്ധക്യകാലം | 13.6.20 | ആക്ടീവ് | 07/20മുതൽ11/20 വരെ<br>1500×5=7500 | 7500 |
| 16 | മോഹൻദാസ് | 102460203090 | വാർദ്ധക്യകാലം | 19.5.20 | ആക്ടീവ് | 06/20മുതൽ08/2 വരെ<br>1300×3=3900<br>09/20മുതൽ10/20വരെ<br>1400×2=2800 | 6700 |
| 17 | വിജയൻ | 102460203135 | വാർദ്ധക്യകാലം | 19.6.20 | ആക്ടീവ് | 07/20മുതൽ08/20വരെ<br>1300×2=2600<br>09/20മുതൽ12/20വരെ<br>1400×4=5600<br>01/21മുതൽ 03/21 വരെ<br>1500×3=4500<br>04/21മുതൽ02/22വരെ<br>1600×11=17600 | 30300 |
| 18 | അബ്ദുൾഅലി | 102460203273 | വാർദ്ധക്യകാലം | 2.7.20 | സസ്പെൻഡ് | 08/20 -1300<br>09/20മുതൽ 2/20 വരെ<br>1400×4=5600<br>01/21മുതൽ 02/20വരെ<br>1500×2=3000 | 9900 |
| 19 | ശശിധരൻ | 102460201929 | വാർദ്ധക്യകാലം | 20.7.20 | ആക്ടീവ് | 08/20 മുതൽ03/21വരെ<br>1500×8=12000<br>04/21മുതല് 02/22വരെ<br>1600×11=17600 | 29600 |
| 20 | ബാബു | 10246040004 | വികലാംഗപെൻഷൻ | 19.7.20 | ആക്ടീവ് | 08/20 -1300<br>09/20മുതൽ12/20വരെ<br>1400×4=5600<br>01/21മുതൽ 03/21വരെ<br>1500×3=4500<br>04/21മുതൽ02/22വരെ<br>1600×11=17600 | 29000 |
| 21 | രാധാമണി | 102460202716 | വാർദ്ധക്യകാലം | 15.8.20 | സസ്പെൻഡ് | 09/20മുതൽ 2/20 വരെ<br>1400×4=5600<br>01/21മുതൽ 03/21വരെ<br>1500×3=4500<br>04/21മുതൽ 06/21വരെ<br>1600×3=4800 | 14900 |
| 22 | ഗംഗാധരൻ | 102460200330 | വാർദ്ധക്യകാലം | 28.8.20 | ആക്ടീവ് | 09/20മുതൽ03/21 വരെ<br>1500×7=10500<br>04/21മുതൽ02/22വരെ<br>1600×11=17600 | 28100 |
| 23 | ശാരദ | 10246050042 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14.7.20 | ആക്ടീവ് | 08/20 -1300<br>09/20മുതൽ2/20 വരെ<br>1400×4=5600<br>01/21മുതൽ 03/21വരെ<br>1500×3=4500<br>04/21മുതൽ02/22വരെ<br>1600×11=17600 | 29000 |
| 24 | അസുമാബീവി | 102460201409 | വാർദ്ധക്യകാലം | 04.9.20 | ആക്ടീവ് | 10/20മുതൽ03/21 വരെ<br>1500×6=9000<br>04/21മുതൽ02/22വരെ<br>1600×11=17600 | 26600 |
| 25 | സാംബൻ | 102460201858 | വാർദ്ധക്യകാലം | 11.9.20 | ആക്ടീവ് | 10/20മുതൽ03/21 വരെ<br>1500×6=9000 | 26600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 04/21മുതൽ02/22വരെ<br>1600x11=17600 | |
| 26 | ശിവപ്രസാദ് | 102460203236 | വാർദ്ധക്യകാലം | 28.9.20 | ആക്ടീവ് | 10/20മുതൽ03/21 വരെ<br>1500x6=9000<br>04/21മുതൽ02/22വരെ<br>1600x11=17600 | 26600 |
| 27 | തങ്കമ്മ | 102460200705 | വാർദ്ധക്യകാലം | 11.10.20 | ആക്ടീവ് | 11/20മുതൽ 02/22വരെ<br>600x16=9600 | 9600 |
| 28 | ഭാനു | 102460200119 | വാർദ്ധക്യകാലം | 25.10.20 | ആക്ടീവ് | 11/20മുതൽ 03/21 വരെ<br>1500x5=7500<br>04/21മുതൽ02/22വരെ<br>1600x11=17600 | 25100 |
| 29 | വിജയമ്മ | 102460201944 | വാർദ്ധക്യകാലം | 13.12.20 | ആക്ടീവ് | 01/21മുതൽ 03/21 വരെ<br>1500x3=4500<br>04/21മുതൽ02/22വരെ<br>1600x11=17600 | 22100 |
| 30 | ധർമ്മവതി | 102460200944 | വാർദ്ധക്യകാലം | 3.1.21 | സസ്പെൻഡ് | 02/21മുതൽ 03/21 വരെ<br>1500x2=3000<br>04/21മുതൽ02/22വരെ<br>1600x11=17600 | 20600 |
| 31 | സുമതി | 102460200784 | വാർദ്ധക്യകാലം | 16.12.20 | സസ്പെൻഡ് | 01/21മുതൽ 03/21 വരെ<br>1500x3-4500<br>04/21മുതൽ 08/21വരെ<br>1600x5=8000 | 12500 |
| 32 | സൈനലബ്ബീൻ | 102460203962 | വാർദ്ധക്യകാലം | 19.1.21 | സസ്പെൻഡ് | 02/21മുതൽ03/21 വരെ<br>1500x2=3000<br>04/21മുതൽ 08/21വരെ<br>1600x5=8000 | 11000 |
| 33 | സഹദേവൻ | 102460200801 | വാർദ്ധക്യകാലം | 7.3.21 | സസ്പെൻഡ് | 04/21മുതൽ02/22വരെ<br>1600x11=17600 | 17600 |
| | | | | | | ആകെ | 7,44,700 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.23തീയതി 30.03.22ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കായിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ട് സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന നടത്തിയ പരിശോധനയിൽ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സത്യവതി | 29.2.20 | 102460200336 | ആക്ടീവ് |
| 2 | സൌമിത്രി | 28.4.20 | 102460200150 | ആക്ടീവ് |
| 3 | ഭാനുമതി | 26.4.20 | 102460200483 | ആക്ടീവ് |
| 4 | സലിം | 05.6.20 | 102460202936 | ആക്ടീവ് |
| 5 | കൌസല്യഅമ്മാൾ | 27.7.20 | 102460200467 | ആക്ടീവ് |
| 6 | ഗോപിനാഥൻപിള്ള | 1.9.20 | 102460201239 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 19തീ 30.03.22 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിരിക്കുന്നു.

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പിപിഒ നം | പെൻഷൻ ഐഡി | അനർഹമായി കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | രാധ | ലഭ്യമല്ല | 102460201275 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 2 | സുമുഖൻ | ലഭ്യമല്ല | 102460201600 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 3 | സുശീല | ലഭ്യമല്ല | 102460202064 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി.യ |
| 4 | ശാന്ത | ലഭ്യമല്ല | 102460202320 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 5 | സരോജിനിയമ്മ | ലഭ്യമല്ല | 102460202995 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 6 | രേണുക | ലഭ്യമല്ല | 102460203317 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 7 | ബിന്ദു | ലഭ്യമല്ല | 102460601145 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |

| | | | | | |
|---|---|---|---|---|---|
| 8 | ബീനാദേവ് | ലഭ്യമല്ല | 102460203450 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 9 | ലളിത | ലഭ്യമല്ല | 102460203688 | വിവരം ലഭ്യമാക്കിയിട്ടില്ല. | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്ന മേൽ ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 32 തീയതി 01.04.22 ന് ലഭ്യമാക്കിയ മറുപടിയിൽ അനർഹമായി പെൻഷൻ കൈപ്പറ്റിയവർക്ക് തുക തിരികെ ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും അനധികൃതമായി കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയട്ടില്ല. ട്രഷറിയുമായി ബന്ധപ്പെട്ട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022 തീയതിയിൽ 10.45AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,463/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങൾ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

1) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

2)പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്

4) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

5) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

6) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

7) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

10) പ്രൊക്യൂവർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

11) പദ്ധതിച്ചെലവുകൾ എല്ലാം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും സുലേഖയിലെ ചെലവു പത്രികയിൽ പൊരുത്തക്കേടുകൾ വരുന്നില്ലെന്ന ഉറപ്പാക്കേണ്ടതുമാണ്.

12) മരാമത്തുപദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ടെണ്ടർ നടപടികൾ സുതാര്യമാക്കേണ്ടതുണ്ട്.

13) പണി പൂർത്തീകരിച്ച വെജിറ്റബിൾ പ്രോസസിംഗ് യൂണിറ്റ്,ടേക്ക് എ ബ്രേക്ക് ,

ഇൻഡോർ സ്റ്റേഡിയം, അംഗൻവാടികൾ തുടങ്ങി പണി പൂർത്തീകരിച്ച എല്ലാ കെട്ടിടങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1387719 | 933453 | 2321172 | 2321010 | 162 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26839810 | 26839810 | 26839810 | 0 |
| ആകെ | 1387719 | 27773263 | 29160982 | 29160820 | 162 |

1. തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2020- 2021 സാമ്പത്തികവർഷത്തെ MGNREGA – യുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.03/24.03.2022-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-3231<br>അംഗങ്ങൾ- 3815 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1759<br>തൊഴിലാളികൾ-1869 |
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1851<br>തൊഴിലാളികൾ-1993 |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1993 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 304 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 289 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 289 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 642 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 107 |

| | |
|---|---|
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 85 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 51% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 90149 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ലഭ്യമാക്കിയിട്ടുണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | പരിപാലിക്കുന്നു |
| ലേബർ കംബോണന്റ് | 26647310 |
| മെറ്റീരിയൽ കംബോണന്റ് | 192500 |
| ആകെ വരവ് | 29160982 |
| ആകെ ചെലവ് | 29160820 |

| തൊഴിൽ ദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 18 |
| 80-99 | 70 |
| 70-79 | 267 |
| 60-69 | 330 |
| 50-59 | 372 |
| 50 ൽ താഴെ | 702 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2022 മുതൽ 18.02.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 16.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 | 2010-11 2014-15 വരെ | 14.03.2016 |

## 1-10 രസീത് ബുക്കുകളുടെ പരിപാലനത്തിൽ അപാകതകൾ

14.03.2022 വരെയുള്ള രസീതുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകൾ ഉപയോഗിക്കാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/25.03.2022-ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തുന്നുണ്ട് എന്ന് വ്യക്തമാക്കി.

2. ഓഡിറ്റിന് ലഭ്യമാക്കിയ രസീത ബുക്കുകളിലെ രസീതുകളിൽ കൃത്യമായി തീയതി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം: രസീത് ബുക്ക് നം-7748, രസീത് നം.-70

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/25.03.2022-ന് ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ രസീത് എഴുതേണ്ടി വന്ന സന്ദർഭത്തിൽ തീയതി രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും നിലവിൽ എല്ലാ രസീതുകളിലും തീയതി രേഖപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു.

3. രസീതുകൾ ഉപയോഗിച്ച ശേഷം ബാക്കി വന്നവ റദ്ദ് ചെയ്തിട്ടില്ല. ഉദാഹരണം-
രസീത് ബുക്ക് നം-12258, രസീത് നം.-28-100

രസീത് ബുക്ക് നം-12259, രസീത് നം.-53-100

കൂടാതെ രസീതുകൾ റദ്ദ് ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 7746 | 4 |
| 7748 | 71 |
| 7749 | 80 |
| 12251 | 55 |
| 12253 | 66 |
| 12256 | 39-100 |
| 12257 | 77-100 |
| 12260 | 17-100 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/25.03.2022-ന് ലഭ്യമാക്കിയ മറുപടിയിൽ റദ്ദ് ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്താതിരുന്ന രസീതുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ഇക്കാര്യം ശ്രദ്ധിച്ച് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു.

4. രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം- രസീത് ബുക്ക് നം- 12255

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/25.03.2022-ന് ലഭ്യമാക്കിയ മറുപടിയിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്താൻ സാധിക്കാതിരുന്ന രസീത് ബുക്കുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ രസീത് ബുക്കുകൾ നൽകുമ്പോൾ തന്നെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു.

## 1-11 പഞ്ചായത്ത് സ്റ്റാളുകളിലെ വാടക, മാർക്കറ്റ് ഗേറ്റ് ഫീ എന്നിവയിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല

1) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്റ്റാളുകളിൽ നിന്നും ഈടാക്കാത്ത വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നം. | വാടകക്കാരുടെ പേര് | കുടിശിക കാലയളവ് | കുടിശിക |
|---|---|---|---|
| 26 | ബെൻസി, കടയിൽ വീട്, പൂന്തുറ | 4/16-3/17 | 5796 |
| 27 | ബെൻസി, കടയിൽ വീട്, പൂന്തുറ | 4/16-3/17 | 5796 |

| | | | |
|---|---|---|---|
| 27 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 5/15-3/16 | 4620 |
| 26 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 4/17-3/18 | 6096 |
| 27 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 4/17-3/18 | 6096 |
| 26 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 4/18-3/19 | 6396 |
| 27 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 4/18-3/19 | 6396 |
| 26 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 4/19-3/20 | 6720 |
| 27 | ബെൻസി, കടയിൽ വീട്, പൂഞ്ഞാറ | 4/19-3/20 | 6720 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.31/31.03.2022-നുള്ള മറുപടിയിൽ സ്റ്റാൾ നം.26, 27 എന്നിവ വാടകയ്ക്ക് നൽകിയിരുന്ന ബെൻസി, കടയിൽ വീട് എന്നയാൾക്ക് നോട്ടീസ് നൽകി 2019 ഏപ്രിൽ മാസം കടമുറി ഒഴിപ്പിക്കുകയും പകരം മറ്റൊരാൾക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ടെന്നും ബെൻസി 2015/16 മുതൽ 2018/19 വരെയുള്ള വാടക കുടിശിക വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു. അതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ടി യാൾക്കെതിരെ റവന്യൂനടപടി സ്വീകരിച്ചിട്ടുള്ളതാണ്. കുടിശികയുള്ള തുക പിഴ പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) താഴെ പറയുന്ന സ്റ്റാളുകളിലെ വാടക കുടിശികയുടെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം. 31/31.02.2022 മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി ലഭ്യമല്ല.

| സ്റ്റാൾ | വാടകക്കാരുടെ പേര് | കാലയളവ് | വാടക | ജി.എസ്.ടി | പ്രളയ സെസ്സ് |
|---|---|---|---|---|---|
| 22 | അനിൽ കുമാർ, പുത്തൻ വീട്, കടയ്ക്കാവൂർ | 3/21 | 685 | 123 | 7 |
| 23 | അനിൽ കുമാർ, പുത്തൻ വീട്, കടയ്ക്കാവൂർ | 3/21 | 685 | 123 | 7 |
| 25 | ബൈജു ജോർജ്ജ്, ചമ്പാവിൽ വീട്,കടയ്ക്കാവൂർ | 3/21 | 647 | 116 | 6 |
| 30 | ബൈജു ജോർജ്ജ്, ചമ്പാവിൽ വീട്,കടയ്ക്കാവൂർ | 3/21 | 1848 | 333 | 18 |
| 12 | ബൈജു ജോർജ്ജ്, ചമ്പാവിൽ വീട്,കടയ്ക്കാവൂർ | 3/21 | 531 | 96 | 5 |

| | | | | | |
|---|---|---|---|---|---|
| 6 | ലളിത,ഷീല നിവാസ്,കടയ്ക്കാവൂർ | 6/20-3/21 | 748 | 135 | 7 |

3) ലേലം കൊള്ളുന്നവർ പഞ്ചായത്തുമായി നിശ്ചിത കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ 200/- രൂപയുടെ മുദ്രപത്രത്തിൽ ലേല വ്യവസ്ഥകൾ ഒന്നും തന്നെ എഴുതി ചേർത്തിട്ടില്ല. ഉദാഹരണം-

1. ചക്കാലവിളാകം മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് നേടിയ ഇബ്രാഹിം, തിട്ടയിൽ വീട്, കടയ്ക്കാവൂർ-ന്റെ എഗ്രീമെന്റ്

2. വാലാംകോണം തൊപ്പിച്ചന്ത മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് നേടിയ അബ്ദുൽ ലത്തീഫ്, പ്ലാവിള വീട്, ന്റെ എഗ്രീമെന്റ്

3. വിളയിൻമൂല മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് നേടിയ സുദർശനൻ, പ്ലാവിള വീട്-ന്റെ എഗ്രീമെന്റ്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.31/31.03.2022-നുള്ള മറുപടിയിൽ സെക്രട്ടറി മുദ്രപ്പത്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ മുദ്രപ്പത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതി വരുന്നുണ്ടെന്നുമാണ് വ്യക്തമാക്കുന്നത്.

## 1-12 വസ്തു നികുതി പിരിവിൽ അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ചുവടെ ചേർക്കുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 5/191 | Manager, Dishnet Vairles Ltd.,<br>R.R.Arcade, Thammanam | 2013-14-1st Half& 11nd Half<br>2014-15-1st Half& 11nd Half<br>2015-16-1st Half& 11nd Half<br>2016-17-1st Half& 11nd Half<br>2017-18-1st Half& 11nd Half<br>2018-19-1st Half& 11nd Half<br>2019-20-1st Half& 11nd Half<br>2020-21-1st Half& 11nd Half | 50880/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.33/01.04.2022-നുള്ള മറുപടിയിൽ 5/191 നമ്പർ മൊബൈൽ ടവർ അസസ്സ്മെന്റ് പ്രകാരം Manager, Dishnet Vairles Ltd.,R.R.Arcade, Thammanam എന്നയാളുടെ ഉടമസ്ഥതയിലാണെന്നും നിലവിൽ നടത്തിയ അന്വേഷണത്തിൽ ടവറിന്റെ ഉടമസ്ഥാവകാശം മാറ്റിയിട്ടുണ്ടെന്നും അതിനാൽ 2021-22 വർഷത്തിൽ ടി നമ്പർ റവന്യൂറിക്കവറി/പ്രൊസിക്യൂഷൻ നടപടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നികുതി കുടിശിക ഈടാക്കി അറിയിക്കേണ്ടതാണ്.

2) പഞ്ചായത്തിൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. 3-ാം വാർഡിലെയും 4-ാം വാർഡിലെയും ആദ്യ 100 കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെ പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് 3 | | | വാർഡ് 4 | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 15 | 15 | 1 | 23 | 23 | 1 |
| 27 | 27 | 1 | 25 | 25 | 1 |
| 55 | 55 | 1 | 31 | 31 | 1 |
| 59 | 59 | 1 | 34 | 34 | 1 |
| 63 | 63 | 1 | 36 | 36 | 1 |
| 69 | 69 | 1 | 46 | 47 | 2 |
| 84 | 84 | 1 | 51 | 51 | 1 |
| 92 | 92 | 1 | 56 | 57 | 2 |
| | | | 75 | 75 | 1 |
| | | | 79 | 79 | 1 |
| | | | 83 | 84 | 2 |
| | | | 86 | 88 | 3 |
| | | | 99 | 99 | 1 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.33/01.04.2022-നുള്ള മറുപടിയിൽ നിലവിൽ സഞ്ചയയിൽ മിസ്സിംഗ് ഡോർ നമ്പർ ലിസ്റ്റ് ലഭ്യമല്ലെന്നും ടി വിവരം ഐ.കെ.എമ്മിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മിസ്സിംഗ് ഡോർ നമ്പർ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫീൽഡ് പരിശോധന നടത്തി അസസ്സ്മെന്റ് രജിസ്റ്റർ കാലികമാക്കുന്നതാണെന്നും വ്യക്തമാക്കിയിരിക്കുന്നു.

## 1-13 FTEAOS ലൈസൻസ്- അപാകതകൾ

1)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017ലെ ജി.ഒ.(പി)80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം. 674/2017പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. ലഭിച്ച പല അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം ലഭ്യമല്ല. അതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണം

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | ഉടമസ്ഥൻ |
|---|---|---|
| 11/226 | ലതിക ഹോട്ടൽ | ഹേമചന്ദ്രൻ, പുത്തൻ വീട്,കടയ്ക്കാവൂർ |
| 3/140B | ഫ്രേയ സ്റ്റോർ | പ്രവീണ.ജി, പ്രവീൺ നിവാസ്, ആലംകോട് |
| 3/319AB | എസ്.എസ്.ട്രേഡേഴ്സ് | ശെൽവരാജ്, ഗോപാലസദനം,തിനവിള |
| 6/55 | അതിഥി വളം ഡിപ്പോ | വി.തുളസി, വലിയവിളകം,തിനവിള |

| | | |
|---|---|---|
| 10/851 | അമൃതേശ്വരി കല്യാണസ്റ്റോർ | ജഗൽപ്രിയ പ്രസന്നൻ, പറമ്പിൽതിട്ട,കടയ്ക്കാവൂർ |
| 6/652 | ഐശ്വര്യ ബ്യൂട്ടീപാർലർ | റീസ.പി.എച്ച്, ആർ.ആർ.നിവാസ്,വക്കം |
| 13/494 | ശ്രുതി സാമിൽ | സുജാതൻ, ശ്രുതി ,കടയ്ക്കാവൂർ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.17/26.03.2022-നുള്ള മറുപടിയിൽ അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നേരിട്ട് അന്വേഷണം നടത്തി മൂലധനം കണക്കാക്കിയാണ് ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് അപേക്ഷയിൽ ചേർക്കാൻ വിട്ടുപോയതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ അപേക്ഷയിൽ ഈ വിവരങ്ങൾ ചേർക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന്റെ വിവരം കൃത്യമായി ചേർത്തിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2) താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | ഉടമസ്ഥൻ |
|---|---|---|
| 13/219A | കുടുംബശ്രീ ഹോട്ടൽ | ശ്രീരേഖ, ഇലങ്കത്തു വീട് (ട്രേഡേഴ്സ് ലിസ്റ്റിൽ ഈ കെട്ടിടത്തിൽ മുബാരക്ക് ഹോട്ടൽ പ്രവർത്തിക്കുന്നു എന്നാണുള്ളത്) |
| 11/226 | ലതിക ഹോട്ടൽ | ഹേമചന്ദ്രൻ, പുത്തൻ വീട്, കടയ്ക്കാവൂർ |
| 3/140B | ഫ്രേയ സ്റ്റോർ | പ്രവീണ.ജി, പ്രവീൺ നിവാസ്, ആലംകോട് |
| 3/319AB | എസ്.എസ്.ട്രേഡേഴ്സ് | ശെൽവരാജ്, ഗോപാലസദനം, തിനവിള |
| 6/55 | അതിഥി വളം ഡിപ്പോ | വി.തുളസി, വലിയവിളകം, തിനവിള |
| 10/851 | അമൃതേശ്വരി കല്യാണസ്റ്റോർ | ജഗൽപ്രിയ പ്രസന്നൻ, പറമ്പിൽതിട്ട, കടയ്ക്കാവൂർ |
| 6/652 | ഐശ്വര്യ ബ്യൂട്ടീപാർലർ | റീസ.പി.എച്ച്, ആർ.ആർ.നിവാസ്, വക്കം |
| 13/494 | ശ്രുതി സാമിൽ | സുജാതൻ, ശ്രുതി, കടയ്ക്കാവൂർ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.17/26.03.2022-നുള്ള മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ളതും പുതുതായി ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3)വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2019-20 ലെ എഫ്.ടി.ഇ.എ.ഒ.എസ് രജിസ്റ്ററിലെ ആദ്യത്തെ 20 എൻട്രികൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| സീരിയൽ നം. | വാർഡ്/കെട്ടിട നം. | സ്ഥാപനം | ഉടമ |
|---|---|---|---|
| 1 | 10/367 | പ്ലംബിംഗ് | റൂബി.എച്ച്, കല്ലിത്തോട്ടം വീട്, |

| | | | |
|---|---|---|---|
| | | മെറ്റീരിയൽ വ്യാപാരം | കടയ്ക്കാവൂർ |
| 2 | 4/195 | - | ശോഭന.ബി, ആർ.എസ്.ഭവൻ,കീഴാറ്റിങ്ങൽ |
| 3 | 11/148 | അലൂമിനിയം ഫാബ്രിക്കേഷൻ | പ്രതീഷ്.എസ്, കൊടിക്കകം. വക്കം |
| 4 | 9/475 | ദീപ സ്റ്റോർ | ഡി.രാജൻ, വടക്കുംഭാഗം, കടയ്ക്കാവൂർ |
| 5 | 12/33F | ഇലക്ട്രിക്കൽ വ്യാപാരം | ഷിനു സുരേഷ്ബാബു, എസ്.എസ്.ലാന്റ്, കടയ്ക്കാവൂർ |
| 6 | 15/142 | - | സനീഷ്.കെ, കോട്ടേപ്പാട് വീട് |
| 7 | 12/377 | ബേക്കറി വ്യാപാരം | ജയ.ഡി, തോട്ടത്തിൽ വീട് |
| 8 | 3/3B | തയ്യൽ കട | പ്രമീളബാബു, മാതാപിതാ മന്ദിരം, കൊല്ലമ്പുഴ |
| 9 | 3/329A2 | സിമന്റ് വ്യാപാരം | പ്രസാദ്.ജി, രൺധീർ കോട്ടേജ്, കീഴാറ്റിങ്ങൽ |
| 10 | 3/329A1 | പ്ലാൻ & ബിൽഡിംഗ് കൺസ്ട്രക്ഷൻ | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.25/30.03.2022-നുള്ള മറുപടിയിൽ സീരിയൽ നം.1, 4 എന്നിവ കോവിഡ് മൂലം 2020-21, 2021-22 വർഷങ്ങളിൽ പ്രവർത്തിച്ചിരുന്നില്ല, സീരിയൽ നം.2,3,6,7 എന്നിവ നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും സീരിയൽ നം. 8,9,10 സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് വ്യക്തമാകുന്നത്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഓഡിറ്റ് എൻക്വയറി നം.15/25.03.2022-നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ 2020-21 വർഷം ലൈസൻസ് എടുത്തിട്ടില്ലെന്നും പ്രസ്തുത കടകൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും വ്യക്തമാകുന്നു. അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുകയും

ചെയ്തിട്ടില്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ റേഷൻ കടകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ എന്നിവരിൽ നിന്നും പരമാവധി അർദ്ധവാർഷിക നികുതിയായ ₹1250 /- ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിലുള്ള നികുതി ഈടാക്കിയിരിക്കുന്നു.

| സീരിയൽ നം. | പേര് | തൊഴിൽ/സ്ഥാപനം | ഈടാക്കിയ നികുതി | |
|---|---|---|---|---|
| | | | 1st Half | 2nd Half |
| 1 | കെ .രാമചന്ദ്രൻ | ഡോക്ടർ/അപ്പല ആയുർവേദ ഹോസ്പിറ്റൽ | 750 | 750 |
| 2 | ബി.ഗോപിനാഥ് | ഡോക്ടർ/ജാനകി ഹോസ്പിറ്റൽ | - | 600 |
| 3 | ഷെജി നസീർ | ലാബ് ടെക്നീഷ്യൻ | - | - |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18/26.03.2022-നുള്ള മറുപടിയിൽ സീരിയൽ നം.1,2 എന്നിവരിൽ നിന്ന് കുറവു വന്ന തുക ഒടുക്കുന്നതിനും സീരിയൽ നം. 3 ൽ നിന്നും തൊഴിൽ നികുതി ഒടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കരാറുകാർ ആരും തന്നെ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടില്ലാത്തതിനാൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. മേൽ പട്ടികയിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിൽ 2020-21ൽ നടപ്പാക്കിയ 80പ്രവൃത്തികളിൽ ചുവടെ പറയുന്ന 35 പ്രവൃത്തികൾ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 182/21 | പാടശേഖര സമിതി കെട്ടിടം പൂർത്തീകരണം |
| 2 | 190/21 | കാട്ടുവിള റോഡ് റീകോൺക്രീറ്റിംഗ് |
| 3 | 185/21 | ഐ.ഒ.ബി. ആൽത്തറക്കാട് തടത്തിൽറോഡ് കോൺക്രീറ്റിംഗ് |
| 4 | 192/21 | അംഗനവാടികളുടെ മെയിന്റനൻസ് |
| 5 | 245/21 | മങ്ങാട്ടുവിള നടപ്പാത നിർമ്മാണം |
| 6 | 238/21 | വയൽതിട്ട കോളനി ഓവർബ്രിഡ്ജ് |
| 7 | 241/21 | കരീച്ചിറ ഓടയും സ്ലാബും |
| 8 | 290/21 | കുമ്പത്ത് ട്രഷറി റോഡ് പുനരുദ്ധാരണം |
| 9 | 159/21 | നീരാഴി റോഡിൽ സൈഡ് വാൾ നിർമ്മാണം |

| | | |
|---|---|---|
| 10 | 207/21 | മാണിക്യത്തോട്ടം ഓട നിർമ്മാണം |
| 11 | 208/21 | ഹോമിയോ സ്റ്റോർ റൂം മെയിന്റനൻസ് |
| 12 | 213/21 | ഗവ.എൽ.പി, യു.പി സ്കൂളിൽ സ്റ്റോർ റൂം , ഗേറ്റ്, ബോർഡ് സ്ഥാപിക്കൽ |
| 13 | 212/21 | മല്ലാത്ത് മുടിയൂർ കാവുങ്ങൾ കോട്ടുിള റോഡ് റീടാറിംഗ് |
| 14 | 205/21 | ക്രമറ്റോറിയം റോഡ്, ആയുർവേദ ആശുപത്രി മുതൽ കരാളിൽ വരെയുള്ള റോഡ് ഉയർത്തി ടാറിംഗ് സൈഡ് കെട്ടി സംരക്ഷണം, സൈഡ് ഇന്റർലോക്കിംഗ് |
| 15 | 221/21 | ഐ.ഒ.ബി. ആൽത്തറക്കാട് റോഡ് റീടാറിംഗ്, സൈഡ് കോൺക്രീറ്റ് തടത്തിൽ അൽ ബുർഹാൻ റോഡ് |
| 16 | 218/21 | ഡോക്ടർ റൂം, ആർദ്രം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലും പെയിന്റിങ്ങും |
| 17 | 223/21 | കല്ലുകടവ് ഉദിയറ റോഡ് കലിങ്ക്, ഓട നിർമ്മാണം |
| 18 | 222/21 | പുത്തൻ വിള എ.കെ.നഗർ റോഡ് സൈഡ് കെട്ടി നിർമ്മാണം |
| 19 | 193/21 | പൂന്തോട്ടം കുളം തുടർ സംരക്ഷണം |
| 20 | 54/21 | കോണത്തു വിളാകം കുഭത്ത് നടപ്പാത നവീകരണം |
| 21 | 282/21 | സി.എഫ്.എൽ.ടി.സി മെയിന്റനൻസ് |
| 22 | 220/21 | ഇടയിക്കോട് മറുതാപ്പുര റോഡ് കോൺക്രീറ്റിംഗ് |
| 23 | 240/21 | കൊച്ചുതിട്ട ഗ്യാസ് എജൻസി നാൽപ്പറ റോഡ് കോൺക്രീറ്റ്, ഓടനിർമ്മാണം |
| 24 | 252/21 | മാമൂട് വിളയിൽമൂല റോഡ് റീടാറിംഗ് സൈഡ് പ്രോട്ടക്ഷൻ കോൺക്രീറ്റ് ഓട നിർമ്മാണം |
| 25 | 71/21 | കൈരളി നഗർ റോഡ് നവീകരണം |
| 26 | 51/21 | കാരായിൽ ആയുർവേദ ആശുപത്രി റോഡ് ബാക്കി ഭാഗം |
| 27 | 243/21 | മംഗലത്ത് റോഡ് റീടാറിംഗും ടാറിംഗും |
| 28 | 260/21 | തിട്ടയിൽ കലിങ്കു നിർമ്മാണം |
| 29 | 289/21 | എൽ.എസ്.ജി.ഡി. ഓഫീസ് നവീകരണം |
| 30 | 277/21 | ഗവ.എൽ.പി.എസ്. കീഴാറ്റിങ്ങൽ ശുചിമുറി നിർമ്മാണം |
| 31 | 261/21 | മാടത്തറ വെട്ടിയറ പൊയ്ക റോഡ് റീടാറിംഗും കോൺക്രീറ്റിങ്ങും |
| 32 | 253/21 | എ.കെ നഗർ തിനവിള സൈഡ് പ്രൊട്ടക്ഷൻ |
| 33 | 32/21 | ലക്ഷം വീട് പുലിക്കുന്ന് അയന്തി റോഡ് പുനരുദ്ധാരണം |
| 34 | 237/21 | കീഴാറ്റിങ്ങൽ എൽ.പി.എസിന് ക്ലാസ്സ് റൂം നിർമ്മാണം |
| 35 | 210/21 | പഞ്ചായത്ത് ഭൂമി കോമ്പൗണ്ട് വാൾ കെട്ട് സംരക്ഷണം |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/31.03.2022)ലഭ്യമാക്കിയ മറുപടിയിൽ സൈറ്റിലെ

സാഹചര്യങ്ങൾക്കനുസൃതമായും, കാലാവസ്ഥാ വ്യതിയാനം, പാർശ്വഭിത്തിയുടെ നിർമ്മാണം എന്നിവയിൽ വ്യതിയാനം ഉണ്ടാകാറുണ്ട് എന്നും ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഭരണസമിതിയുടെ അനുമതിയോടു കൂടി സാങ്കേതിക അനുമതി വാങ്ങിയും അടങ്കൽ തുകയിൽ നിജപ്പെടുത്തിയാണ് എസ്റ്റിമേറ്റുകൾ പുതുക്കിയത് എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥല പരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-17 കുഴൽ കിണർ നിർമ്മാണം - 2884/- രൂപ ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ഫണ്ടിനം | ബിൽ നമ്പർ,തീയതി, തുക |
|---|---|---|---|---|---|
| 288/21 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണം | 250000 | 250000 | ധന. കമ്മീഷൻ അവാർഡ് | 70/20-21 തീ.13.01.21 – 238000/-<br>102/20-21 തീ. 31.03.21-<br>12000/- |

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 250000/- രൂപ ഗ്രൗണ്ട് ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(04/24.03.2022) ലഭ്യമാക്കിയ മറുപടിയോടോപ്പം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഭൂജല വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം പദ്ധതിക്ക് ആകെ ചെലവ് 247116/- രൂപയാണ്. ബാക്കി തുകയായ 2884/- രൂപ ഭൂജല വകുപ്പിൽ അവശേഷിക്കുന്നു. ടി. തുക തിരികെ ലഭ്യമാക്കുകയോ വരും വർഷങ്ങളിൽ ഭൂജല വകുപ്പിൽ നിന്നുള്ള പ്രോക്ടുകൾക്ക് കൊടുക്കുന്ന തുകയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയ്ക്കേണ്ടതുമാണ്.

## 1-18 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 27/31.03.2022) അംഗീകരിച്ച എല്ലാ പദ്ധതികളും ഫണ്ടിന്റെ പരിമിതി മൂലം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്നും തുടർ വർഷങ്ങളിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതാണ് എന്നും അറിയിച്ചു. സർക്കാർ നിർദ്ദേശം പാലിച്ച ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പ്രവർത്തനം ആരംഭിക്കാൻ 'വഴി'യില്ലാതെ ആയുർവേദ ഐ.പി.ബ്ലോക്ക്

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ പന്ത്രണ്ടാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടയ്ക്കാവൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 10 സർവ്വേ നമ്പർ 23/26 ഉള്ള 42 സെൻറ് ഭൂമിയിൽപ്പെട്ട 12 സെൻറ് ഭൂമിയിൽ സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 1,03,00,000/- രൂപ അടങ്കൽ തുകയിൽ നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയിട്ടുള്ള ആയുർവേദ ആശുപത്രി IP -Block എന്ന കെട്ടിടം ഉദ്ഘാടനം നടത്തുന്നതിനും നിലവിൽ ടി കെട്ടിടം നിലനിൽക്കുന്ന പ്ലോട്ടിലേയ്ക്ക് ഭൂമി ആർജ്ജിച്ചപ്പോൾ ലഭ്യമായ വഴി മാത്രമാണുള്ളതെന്നും തത്ക്കാലം ഈ വഴി ഉപയോഗിക്കുന്നതിനും ടി പ്ലോട്ടിലേയ്ക്ക് സൗകര്യപ്രദമായ വഴി അടിയന്തിരമായി കണ്ടെത്തി ആർജ്ജിക്കുന്നതിനും ഇത്തരത്തിൽ വഴി കണ്ടെത്തി വാങ്ങുന്നതിനോ ആർജ്ജിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി പ്രസിഡൻറ് ചെയർമാനായി സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയും നിലവിലുള്ള വഴി ഉപയോഗിച്ച് കൊണ്ട് ഉദ്ഘാടനത്തിനും പഞ്ചായത്ത് ജനറൽ കമ്മിറ്റി 13.01.21ലെ അജണ്ട-3 തീരുമാനം-1 പ്രകാരം തിരുമാനിച്ചതായി ജനറൽ കമ്മിറ്റി മിനിട്സ്

ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ ആയുർവേദ ആശുപത്രി ഐ.പി. ബ്ലോക്ക് കെട്ടിടത്തിന്റെ സ്ഥല പരിശോധനയിൽ കെട്ടിടത്തിന് നാലുചുറ്റും കാടു പിടിച്ച് പരിപാലനം ഇല്ലാത്ത അവസ്ഥയിൽ കാണപ്പെട്ടു. കെട്ടിടത്തിന് ചുറ്റുമായി മതിൽ കെട്ടി ഗേറ്റ് സ്ഥാപിച്ചിട്ടുണ്ട്. കെട്ടിടത്തിന് ചുറ്റുപാടും പൂർണ്ണമായും ഇന്റർലോക്ക് തറയോട് പാകിയിട്ടുണ്ട് എങ്കിലും അവയെല്ലാം കാടുപിടിച്ച അവസ്ഥയിലാണ്. കെട്ടിടത്തിലേയ്ക്ക് പോകുന്നതിനായി വാഹന ഗതാഗതത്തിനായി വഴി സൗകര്യം ഇല്ല എന്നും കണ്ടു.





ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (35/02.04.2022) ആയുർവേദ ആശുപത്രിയുടെ ഐ.പി. ബ്ലോക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും വഴി സൗകര്യം ഒരുക്കുന്നതിനായി 2021-22 വാർഷിക പദ്ധതിയിൽ പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്നും 2022 മെയ് മാസത്തോടെ പ്രവർത്തനം ആരംഭിക്കുമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

വഴി സൗകര്യമില്ലാതെ കെട്ടിട നിർമാണം നടത്തിയത് എന്തിനെന്ന് വ്യക്തമല്ല. തന്മൂലം ഒരു കോടിയിലേറെ തുക ചെലവഴിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടും പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും നാളിതുവരെ ലഭിച്ചിട്ടില്ല. വഴി സൗകര്യം അടിയന്തിരമായി ലഭ്യമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായി ഐ.പി. ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-20 ലോഗ്ബുക്ക് ഹാജരാക്കിയില്ല.

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 16 G 3344 EX നം ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 36, 2.4.22) പഞ്ചായത്ത് കോമ്പൌണ്ടിൽ പാർക്ക് ചെയ്തിരുന്ന പ്രസ്തുത വാഹനത്തിൽ നിന്നും ലോഗ്ബുക്ക്, വാഹനത്തിന്റെ താല്ക്കാലിക ഡ്രൈവറായ ശ്രീ ജസിമിന്റെ പഴ്സ് എന്നിവ 25.1.22 ന് മോഷണം പോയതായും പ്രസ്തുത ലോഗ്ബുക്ക് ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും ആയത് സംബന്ധിച്ച് പോലീസിൽ പരാതി നല്കി കേസ് നടന്നു വരുന്നു എന്നും അറിയിച്ചു.

പ്രസ്തുത വിഷയത്തിന്റെ തുടർ നടപടി അറിയിക്കേണ്ടതും ലോഗ്ബുക്ക് ലഭ്യമാകുമ്പോൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ട് നടപ്പാക്കിയില്ല

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ 2020-21 ൽ ആകെ ഒരു പ്രോജക്ടിന് മാത്രമാണ് അംഗീകാരം ലഭ്യമാക്കിയിരുന്നത്. എന്നാൽ പ്രസ്തുത പ്രോജക്ട് നടപ്പാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 226/21 | സുഭിക്ഷകേരളം പടുതാകുളം മത്സ്യ കൃഷി | 738000 | വികസന ഫണ്ട് പൊതുവിഭാഗം |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/31.03.2022) മറുപടിയും ലഭ്യമാക്കിയിട്ടില്ല. ജനോപകാരപ്രദമായ പ്രോജക്ട് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത്തലത്തിൽ മെഡിക്കൽ ഓഫീസർ (FHC) മുഖാന്തിരം 32 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഹെൽപ്ഡസ്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 2020-21 ൽ 194110/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1364/2020/ത.സ്വ.ഭ.വ. പ്രകാരം എഫ്.എൽ.ടി.സി.-കളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും രൂപീകരിക്കണം എന്ന നിർദ്ദേശാനുസരണം 18.07.2020 ലെ B2/1670/20 ാംനമ്പർ ഉത്തരവ് പ്രകാരം എഫ്.എൽ.ടി.സി. മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കടയ്ക്കാവൂർ SNVGHS സ്കൂളിലാണ് CFLTCപ്രവർത്തനം ആരംഭിച്ചത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം 3621853/- രൂപ CFLTCയുടെ പ്രവർത്തനത്തിനായി ലഭിച്ചു. ലഭിച്ച തുക മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. അവിടെ ഗ്രാമ പഞ്ചായത്ത് ജീവനക്കാരെ നിയമിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനത്തിനായി ഗ്രാമ പഞ്ചായത്ത് തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല എന്നും, പൊതു ജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെയാണ് പ്രവർത്തിച്ചത് എന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 29/31.03.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

## 1-23 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം, ഗ്രാമ പഞ്ചായത്തിന് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിക്കേണ്ടതാണ്.

എന്നാൽ കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം 22.06.2020, 27.06.2020 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നത്. പ്രോക്യൂർമെന്റ് ടീം രൂപീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല. ഇതിൽ 22.06.20 ലെ യോഗത്തിൽ കെൽട്രോണിൽ നിന്നും വാങ്ങുന്ന ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയാത്തതിനാൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രോജക്ടിൽ മാറ്റം വരുത്തി ഗുണനിലവാരമുള്ള മെഷീൻ വാങ്ങുന്നതിന് മറ്റ് നടപടി ആലോചിക്കുന്നതിനു വേണ്ടി അജണ്ട മാറ്റി വയ്ക്കുവാൻ തീരുമാനിക്കുകയുണ്ടായി. 27.06.2020ൽ ചേർന്ന യോഗത്തിൽ വാങ്ങൽ ഗുണനിലവാര പരിശോധന സംബന്ധിച്ച ഫയലുകളുടെ പൂർണ്ണരൂപം ലഭ്യമാകാത്തതിനാൽ അജണ്ട ചർച്ച ചെയ്യാതെ യോഗം പിരിയുകയാണുണ്ടായത്. 2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന മറ്റ് പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പ്രോക്വയർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.34/01.04.2022) സ്റ്റിയറിംഗ് കമ്മിറ്റിയാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയായി പ്രവർത്തിക്കുന്നത് എന്നും സമാഹരണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല എന്നും അറിയിച്ചു. വരും വർഷങ്ങളിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ന്യൂനതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-24 തെരുവു വിളക്കുകളുടെ മെയിന്റനൻസ് പദ്ധതി കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്ക് മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 174/21 |
| അടങ്കൽ | 4,76,150/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ് + വികസന ഫണ്ട്) |
| ചെലവ് | 3,46,069/- |
| ബിൽ നം | 21/20-21/16.11.2020-272569/-<br>24/20-21/16.11.20-73500/- |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയ്ക്കായി 346069/- രൂപ ചെലവാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/7/2019 തീയതി 21.2.2019 പ്രകാരം നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഏതിനത്തിലുള്ള വിളക്കുകളുടെ വൈദ്യുതചാർജ്ജാണ് ഒടുക്കി വരുന്നത് എന്ന് വ്യക്തമാക്കുന്ന തെരുവുവിളക്കുകളുടെ രജിസ്റ്റർ,പരാതി രജിസ്റ്റർ, കേടായ സാധനങ്ങളുടെ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം -22 തീയതി 30.03.22.ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലായെന്നും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലതകളിൽ ഉൾപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ പരിപാലനം. അതിനാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തിരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും സൂക്ഷിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-25 കമ്പ്യൂട്ടർ എ എം സി പുതുക്കൽ - കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കണം.

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടർ എ.എം.സി പുതുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 99/21 |
| അടങ്കൽ | 1,35,000/-<br>വികസനഫണ്ട് |
| ചെലവ് | 1,19,770/- |
| ബിൽ നമ്പർ | 28/20-21/29.12.20 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 1,19,770/- രൂപ ചെലവാക്കിയിട്ടുണ്ട്. വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യുപിഎസുകൾ, ലാപ്ടോപുകൾ മുതലായവയെ എ.എം. സി.യിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ് പദ്ധതി.

1. പ്രസ്തുത കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണയെങ്കിലും എ.എം.സി.യിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ ജനറൽ സർവീസും പരിശോധനയും കെൽട്രോൺ നടത്തണം എന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത പരിശോധനകൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പരാതി രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനകം പരാതി പരിഹരിക്കപ്പെടാത്ത സാഹചര്യം ഉണ്ടാകുന്നുണ്ടെങ്കിൽ ഖണ്ഡിക 2.16 പ്രകാരം കരാർ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിന് കെൽട്രോണിൽ നിന്നും ഫൈൻ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം - 21 തീയതി 30.03.2022.ന് മറുപടിയായി യഥാസമയം കെൽട്രോണുമായി ബന്ധപ്പെട്ട് പരിശോധനകൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
സമയക്രമം കൃത്യമായി പാലിച്ച് വാറണ്ടി ഉള്ളവയെ ഒഴിവാക്കി എ എം സി പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഹാർഡ് വെയർ രജിസ്റ്റർ വാറണ്ടി പിരീഡ്, എ എം സി പിരീഡ് മുതലായവ കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കരാർ നിബന്ധനകൾ പ്രകാരമുള്ള പരിശോധനകൾ യഥാസമയം നിർവ്വഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പ്രീപ്രൈമറി അദ്ധ്യാപകരുടെ ഹോണറേറിയം പദ്ധതി - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രീപ്രൈമറി അദ്ധ്യാപകരുടെ ഹോണറേറിയം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 157/21 |
| അടങ്കൽ | 1,00,000/-<br>(വികസനഫണ്ട്) |
| ചെലവ് | 1,00,000/- |
| ബിൽ നം | 80,000/-05/20-21/23.2.21<br>10,000/-9/20-21/19.3.21<br>10,000./-12/20-21/31.3.21 |

പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഹോണറേറിയം നൽകുന്നതിനായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് രൂപീകരിക്കുകയും 1,00,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സ.ഉ. (കൈ)നം.22/2018തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഓണറേറിയമോ നൽകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 07തീയതി 25.03.22 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് കുറവായതിനാലാണ് വികസനഫണ്ട് ഉപയോഗിച്ച് പദ്ധതി രൂപീകരിച്ചത് എന്നറിയിച്ചിരിക്കുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| പ്രോജക്ട് നമ്പർ | 80/21 |
| അടങ്കൽ | 2,75,000/- |

| | |
|---|---|
| | (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,75,000/- |
| ബിൽ നം | 87/20-21/24.9.20 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 24.9.20ന് 2,75,000/- രൂപ ഹോംകോയ്ക്ക് നൽകയിരുന്നു. എന്നാൽ ഹോംകോയിൽ നിന്നും 27.1.2022, 3.2.2022 തീയതികളിൽ മാത്രമാണ് മരുന്നുകൾ ലഭ്യമായത്. മരുന്നുകൾ ലഭ്യമാകുന്നതിന് വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. ഈ കാലതാമസം കാരണം ആശുപത്രിയിൽ മരുന്നുകൾക്ക് അപര്യാപ്തത ഉണ്ടാവുകയും രോഗികൾക്ക് മരുന്ന ലഭ്യമാവാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണം നം -20 തീയതി 30.03.2022 നൽകിയിരുന്നതിന് മറുപടിയായി 2019-20 വർഷത്തെ മരുന്നുകൾ ലഭ്യമായതിനാൽ മരുന്നുകൾക്ക് ക്ഷാമമുണ്ടായിട്ടില്ല എന്നറിയിച്ചിരിക്കുന്നു. മരുന്നുകൾ ലഭ്യമാകുന്നതിന് തുടർച്ചയായി കാലതാമസം ഉണ്ടാകുന്നുണ്ട്. മരുന്നുകൾക്കായി ഹോംകോയ്ക്ക് മുഴുവൻ തുകയും നൽകുന്നതിനു മുമ്പ് കൃത്യമായ കരാറിൽ ഏർപ്പെടുന്നതിനും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-28 അങ്കണവാടിയിലേക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടിയിലേക്ക് ഫർണിച്ചർ വാങ്ങൽ |
| പദ്ധതി നമ്പർ | 115/21 |
| പദ്ധതി അടങ്കൽ | 200000/- (വികസന ഫണ്ട്-റോഡിതരം) |
| പദ്ധതി ചെലവ് | 36166/- (വികസന ഫണ്ട്-റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ARTCO Ltd. ൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെയാണ് ഫർണിച്ചർ വാങ്ങിയിരിക്കുന്നത്. 18.03.2021-ലെ 605-ാം നമ്പർ ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയിരിക്കുന്ന ഫർണിച്ചറുകളിൽ താഴെ പറയുന്നവ ജി.ഒ.(ആർ.ടി) നം.04/2018/എസ്.പി.ഡി. തീയതി 02.02.2018 ലെ വില പട്ടികയിൽ ഉൾപ്പെടാത്തവയാണ്.

| ഫർണിച്ചർ | എണ്ണം | സ്പെസിഫിക്കേഷൻ |
|---|---|---|
| HWB-Multi Colour Baby Bench With Back Rest | 12 | L-120xW-28xH-30 Cm |
| HWB-Hard Wood Multicolour Baby Desk | 12 | L-120xW-30xH-45 Cm |
| Fibre Arm Chair-Adult | 130 | - |

ജി.ഒ(ആർ.ടി)നം.1/2021/എസ്.പി.ഡി. തീയതി 05.01.2021 ഉത്തരവിലെ നാലാമത് ക്ലോസിൽ വില പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾക്ക് സ്റ്റോർസ് പർച്ചേസ് നിയമാവലി പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14/25.03.2022 -നുള്ള മറുപടിയിൽ വിലപട്ടിക ശ്രദ്ധയിൽപെടാത്തതു കൊണ്ടാണ് ഇവ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ തന്നെ ARTCO Ltd നിന്ന് വാങ്ങുവാൻ കാരണമെന്നാണ് വ്യക്തമാക്കുന്നത്. വാങ്ങൽ പട്ടികയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്ന നടപടി അനുവദനീയമല്ല. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-29 വൃദ്ധർക്ക് കട്ടിൽ- ഭൂരിഭാഗം പേർക്കും ആനുകൂല്യം ലഭിച്ചില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവു തുക | ഫണ്ടിനം | ബിൽ നം. |
|---|---|---|---|---|---|
| 233/21 | വൃദ്ധർക്ക് കട്ടിൽ | 330000 | 41220 | വികസന ഫണ്ട്, എസ്.സി.പി. | 02/20-21 തീ. 12.02.21 |

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പദ്ധതി പ്രകാരം 2020-21 ൽ 3,30,000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 41,220/- രൂപ മാത്രമാണ് ചെലവഴിച്ചത്. കട്ടിൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവു നിരക്ക് ക്വാട്ട് ചെയ്ത Brands Interiors എന്ന സ്ഥാപനമാണ് ഒരു കട്ടിലിന് 2748/- രൂപ ക്രമത്തിൽ കട്ടിൽ വിതരണം ചെയ്യുന്നതിനായുള്ള ടെണ്ടറിന് അംഗീകാരം നൽകിയത്.

31.08.19 ലെ ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 141 പേരുണ്ടായിരുന്നു. ആകെ 120 പേർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ഉണ്ടായിരുന്നിട്ടും ആകെ 15 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/31.03.2022) 113 കട്ടിലുകൾക്ക് സപ്ളൈ ഓർഡർ നൽകിയെന്നും എന്നാൽ കോവിഡ് ലോക്ക്ഡൗൺ, തെരെഞ്ഞെടുപ്പ് പെരുമാറ്റചട്ടം എന്നിവ കാരണം സപ്ലെയർക്ക് ഒരുമിച്ച് 113 കട്ടിലുകൾ വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്നും ആദ്യ ഘട്ടമായി 15 കട്ടിൽ വിതരണം ചെയ്തുവെന്നും തുടർന്ന് നിർവ്വഹണോദ്യോഗസ്ഥന് സ്ഥലം മാറ്റം ലഭിച്ചതിനാൽ ബാക്കി കട്ടിൽ വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയത്. സാമ്പത്തിക വർഷാവസാനത്തിൽ പ്രോജക്ടുകൾ തിരക്കിട്ട് നിർവ്വഹണം നടത്താൻ ശ്രമിക്കുന്നതു കാരണമാണ് ഇപ്രകാരമുള്ള ന്യൂനതകൾ സംഭവിക്കുന്നത്. പ്രോജക്ടുകൾ യഥാസമയം തന്നെ ആരംഭിച്ച് പൂർത്തീകരിക്കുന്നതിനും അർഹരായ പരമാവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ഉറപ്പാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 235671 (മുൻബാക്കി) 1080547 (വരവ്) | ക്ഷീരസമൃദ്ധി- വനിത | 50000 | 12150 |
| | | | ക്ഷീരസമൃദ്ധി- ജനറൽ | 6844 | |
| | | | ക്ഷീരസമൃദ്ധി- വനിത-spillover | 75000 | |

| | | | | | |
|---|---|---|---|---|---|
| | | | സ്നേഹസ്പർശം | 153125 | |
| | | | സ്നേഹസ്പർശം-spillover | 149625 | |
| | | | ലൈഫ് ഭവന നിർമ്മാണം -Scp | 146953 | |
| | | | ലൈഫ് ഭവന നിർമ്മാണം-scp-spillover | 223521 | |
| | | | ലക്ഷം വീട് കോളനി അടിസ്ഥാന സൌകര്യ വികസനം | 180000 | |
| | | | ന്യൂ ലൈഫ് ജനറൽ | 200000 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം- രണ്ടാംവിള സ്പിൽ ഓവർ | 119000 | |
| | | | ആകെ | 1304068 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1477625 (മുൻബാക്കി) 1044625 (വരവ്) | ക്ഷീരസമൃദ്ധി- വനിത | 200000 | |
| | | | ക്ഷീരസമൃദ്ധി- ജനറൽ -സ്പിൽ ഓവർ | 150000 | |
| | | | ക്ഷീരസമൃദ്ധി- വനിത-സ്പിൽഓവർ | 100000 | |
| | | | ജൈവ സമൃദ്ധി | 51000 | |
| | | | സ്നേഹസ്പർശം | 178125 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം- ഒന്നാംവിള | 127500 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം- രണ്ടാംവിള | 119000 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം- രണ്ടാംവിള സ്പിൽ ഓവർ | 119000 | |
| | | | ലൈഫ് ഭവന നിർമ്മാണം (Scp) | 100000 | |
| | | | ലൈഫ് ഭവന നിർമ്മാണം - വ്യക്തിഗത ടോയിലറ്റ് നിർമ്മാണം | 192000 | 1185625 |
| | | | ആകെ | 1336625 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം തുകയൊന്നും തന്നെ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | G.O.(MS)68/18 തീയതി 18.05.18 | 7217647 | 960000 | 1039647 | 7138000 |
| EMS ലോൺ | സ.ഉ.(സാധാ) നം 321/2020 തസ്വഭവ തീ.29.01.20 | 1123305 | - | - | 1123305 |
| മറ്റ് വായ്പ | - | 435000 | - | - | 435000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| FD നമ്പർ | തുക | പലിശ നിരക്ക് | കാലാവധി | സ്ഥാപനം |
|---|---|---|---|---|
| 081570/14852 | 150000 | 8.75% | 22.12.2024 വരെ | സബ് ട്രഷറി, ആറ്റിങ്ങൽ |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1 | 2006-07 | 3-11 | 16154 | എസ്.ആർ.ജ്യോതി | 120050102465/10.05.20 |
| 2 | 2006-07 | 3-11 | 16154 | ഷീല.എസ് | 120050102466/10.05.20 |
| 3 | 2006-07 | 3-11 | 16154 | ആർ.പ്രകാശ് | 120050102468/10.05.20 |
| 4 | 2006-07 | 3-11 | 16154 | സദാശിവൻപിള്ള | 120050102467/10.05.20 |
| 5 | 2006-07 | 3-11 | 16639 | ത്രദീപ്കുമാർ | 120050102843/01.01.21 |
| 6 | 2006-07 | 3-11 | 16639 | വിലാസിനി.കെ | 120050102837/01.01.21 |

വാർഷിക ധനകാര്യപത്രികയിൽ ഓഡിറ്റ് റിക്കവറി വരവ് 78568/-രൂപ 140200199 Penanlities And Fines-other Penalities ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 19326/-രൂപ ഹെഡ് മാറി മറ്റൊരു വരവ് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക | സമാഹത ഓഡിറ്റ് വർഷം | സമാഹത ഓഡിറ്റ് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2006-07 | 3.11 | 2009-10 | 3.8.3 | തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിയതി വഴി പഞ്ചായത്തിന് നഷ്ടം വന്നത് ഈടാക്കുന്നത് സംബന്ധിച്ച് | കോടതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 9949267 |
| ഓഡിറ്റ് വർഷത്തെ വരവ് | 89008626 |
| ആകെ | 98957893 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 87282885 |
| നീക്കിയിരിപ്പ് | 11675008 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2406/18 തീയതി .04.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/02/2020 തീയതി 13.10.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1287/2021 തീയതി 11.11.21 | 57 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്